DESPATCHED
On...13/8/21....



3/8/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 501(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5008/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 3

ശ്രീ. നിസ്സാം എച്ച്,
എ.എ.ഹൗസ്,
ചെമ്പൂര് എൽ.പി.എസിന് സമീപം,
മുടക്കൽ പി.ഒ.,
തിരുവനന്തപുരം – 695 001.. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഊർജ്ജ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
   ഊർജ്ജ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 31.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 29.7.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 3.8.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നിസ്സാം എച്ച്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 16.1.2021 തീയതി

രജിസ്റ്റേർഡ് തപാലായി അയച്ച വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 26.2.2021 ന് അപ്പീൽ സമർപ്പിച്ചു എന്നും എന്നാൽ ആയതിനും മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിന്മേൽ കമ്മീഷൻ മേൽ നടപടി സ്വീകരിക്കണമെന്നാണ്. .

2. ഒന്നാം എതിർകക്ഷി മുമ്പാകെ 16.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാൻ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നൽകിയ പരാതിയിൽ (ഡോക്കറ്റ് നമ്പർ P210100365) തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഊർജ്ജ വകുപ്പ് സെക്രട്ടറിയ്ക്ക് നൽകുകയുണ്ടായി എന്നും മേൽപ്പടി പരാതി പ്രകാരം സർക്കാരിന്റെ ഓവർ–റൂൾ ഉപയോഗിച്ച് ടിയാന് 13.2.2005 മുതലുള്ള പൂർണ്ണ ശമ്പളം ലഭിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഒന്നാം എതിർകക്ഷിയുടെ കാര്യാലയം സ്വീകരിച്ചു വരുന്ന തുടർ നടപടിക്രമങ്ങളുടെ എല്ലാ വിവരവും ലഭ്യമാക്കി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.2.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഡോക്കറ്റ് P210100365 നമ്പറായി ബഹു. മുഖ്യമന്ത്രിയുടെ പോർട്ടൽ മുഖാന്തിരം ലഭ്യമായ പരാതി CMO പോർട്ടൽ മുഖാന്തിരം തന്നെ 19.2.2021 ന് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ്. തുടർന്ന് ടിയാൻ നൽകിയ അപ്പീൽ അപേക്ഷയ്ക്ക് 31.3.2021 തീയതി നൽകിയ മറുപടിയോടൊപ്പം 20.2.2021 ന് വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി കൂടി അയച്ചു കൊടുത്തതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 16.1.2021 തീയതി എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് 26.2.2021 തീയതി അപ്പീൽ അധികാരിയ്ക്ക് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭ്യമായിട്ടില്ല എന്നതാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിലെ ആക്ഷേപമെന്നും അപേക്ഷകന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ പരാതികളിലും കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയമവിരുദ്ധ നിലപാട് പുലർത്തികൊണ്ടിരിക്കുന്നതിനാൽ സർക്കാരിന്റെ ഓവർറൂൾ അധികാരം ഉപയോഗിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിനുവേണ്ടി 14.1.2021 തീയതിയായി ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ (ഡോക്കറ്റ് നമ്പർ P210100365) തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഊർജ്ജ വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയതായും പ്രസ്തുത പരാതി പ്രകാരം സർക്കാറിന്റെ ഓവർ റൂൾ ഉപയോഗിച്ച് ടിയാന് 13.2.2005 മുതലുള്ള പൂർണ്ണ ശമ്പളം ലഭിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഊർജ്ജ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങളുടെ എല്ലാ വിവരവും ലഭ്യമാക്കുവാനാണ് 16.1.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് എന്നും മേൽ പരാമർശിച്ച 14.1.2021 ലെ പരാതി 19.2.2021 ന് സി.എം.ഒ പോർട്ടൽ മുഖേന തന്നെ കെ.എസ്.ഇ.ബി–ലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന് 20.2.2021 ന് അപേക്ഷകനെ അറിയിച്ചിരുന്നു എന്നും ആയതു പ്രകാരം ഹർജിക്കാരന് മേൽപ്പറഞ്ഞ പരാതിയ്ക്കുള്ള മറുപടി 8.3.2021 തീയതിയായി എസ്റ്റ2/3932/2015 കത്ത് പ്രകാരം നൽകിയതായി കെ.എസ്.ഇ.ബി. സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുമാണ്.

വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്ന് ആരോപിച്ചാണ് അപേക്ഷകൻ 26.2.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 31.3.2021 തീയതി നൽകിയ മറുപടി കത്തിനോടൊപ്പം എസ്.പി.ഐ.ഒ 20.2.2021 ന് നൽകിയ മറുപടിയുടെ പകർപ്പ് കൂടി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ സമർപ്പിച്ച എല്ലാ വിവരാവകാശ അപേക്ഷകൾക്കും സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 16.1.2021 ന് നൽകിയ അപേക്ഷയ്ക്ക് 20.2.2021 ലും, 26.2.2021 ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷയ്ക്കു 31.3.2021 നും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ മറുപടികളുടെ ഒന്നും ടിയാന് ലഭിച്ചിട്ടില്ലെന്നു കാണുന്നതിനാൽ ടി മറുപടികളുടെ പകർപ്പുകൾ ഒരിക്കൽ കൂടി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം രജിസ്റ്റേർഡ് തപാലായി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 3–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

RIGHT TO INFORMATION